## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :105 — 28. 10. 2019 ൽ മറുപടിക്ക്

# അപകടത്തിൽപ്പെട്ടയാൾക്ക് ദുരിതാശ്വാസം

**ചോദ്യം**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

**ഉത്തരം**

**പിണറായി വിജയൻ**

**(മുഖ്യമന്ത്രി)**

(എ) കണ്ണൂർ ജില്ലയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കരാർ എടുത്തിരുന്ന കരാറുകാരന്റെ കയറ്റിറക്ക് തൊഴിലാളിയായിരുന്ന ശ്രീ. ഹുസൈൻ പി.പി പുത്തൻ പീടിയേക്കൽ, പാഴൂർ, കുറ്റിപ്പുറം എന്നയാൾക്ക് 20/12/1972-ന് അപകടം സംഭവിച്ചത് സംബന്ധിച്ച് പ്രസ്തുത വ്യക്തി വൈദ്യുതി ബോർഡിനും, വൈദ്യുതി വകുപ്പ് സെക്രട്ടറിയ്ക്കും നൽകിയ നിവേദനങ്ങളിൽ അനുകൂല തീരുമാനം എടുക്കാത്ത സാഹചര്യത്തിൽ ബഹു. മുഖ്യമന്ത്രിക്ക് നൽകിയ നിവേദനത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) ചലനശേഷി പൂർണ്ണമായും നഷ്ടപ്പെട്ടതായ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത വ്യക്തിയ്ക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ;

(സി) ഈ ഫയലിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ ?

(എ, ബി & സി) കണ്ണൂർ ജില്ലയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കരാർ കൊടുത്തിരുന്ന കരാറുകാരന്റെ കെ.എൽ.സി - 4834 എന്ന ലോറിയിൽ കോൺക്രീറ്റ് മിക്സർ കൊണ്ടു പോകുമ്പോൾ 20/02/1972 -ൽ നടന്ന അപകടത്തിൽ ചുമട്ടു തൊഴിലാളിയായിരുന്ന ശ്രീ. ഹുസൈൻ പി. പി. - യ്ക്ക് പരിക്കേറ്റിരുന്നു. ശ്രീ. ഹുസൈൻ. P.P. ബഹു. മുഖ്യമന്ത്രിവരെയുള്ള ബന്ധപ്പെട്ട അധികാരികൾക്ക് നൽകിയ നിവേദനങ്ങളിൽ കെ.എസ്.ഇ.ബി. ലിമിറ്റഡിൽ നിന്ന് റിപ്പോർട്ട് ആവശ്യപ്പെട്ടിരുന്നു. മേൽപ്പറഞ്ഞ അപകടത്തിന് നഷ്ടപരിഹാരത്തിനായി ശ്രീ ഹുസൈൻ കോഴിക്കോട് വർക്ക്മെൻസ് കോംപൻസേഷൻ കമ്മീഷണർ മുൻപാകെ 1985 -ൽ, ഏകദേശം 13 വർഷങ്ങൾക്കുശേഷം അപേക്ഷ നൽകുമ്പോൾ മാത്രമാണ് ടി അപകടം കെ.എസ്.ഇ.ബി. - യുടെ ശ്രദ്ധയിൽപ്പെടുന്നത്. ശ്രീ. ഹുസൈൻ 13 വർഷത്തിനുശേഷം മാത്രം അപേക്ഷ സമർപ്പിച്ചതിന് വ്യക്തമായ കാരണം ബോധിപ്പിക്കുവാൻ സാധിക്കാത്തതിനാൽ പ്രസ്തുത അപേക്ഷ തള്ളപ്പെടുകയുണ്ടായി. ശ്രീ ഹുസൈൻ നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനായി ബഹു. കോഴിക്കോട് വർക്ക് മെൻസ് കോമ്പൻസേഷൻ ഡെപ്യൂട്ടി ലേബർ കമ്മീഷണറുടെ കോടതിയിൽ സമർപ്പിച്ച WCC 43/1985 എന്ന കേസിലും ബഹു.തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയ്ക്കു മുമ്പാകെ നൽകിയ നമ്പർ 523/1972 എന്ന കേസിലും പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ചും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് നിയമപ്രകാരം നഷ്ടപരിഹാരം / സാമ്പത്തിക സഹായം നൽകാൻ ബാദ്ധ്യതയില്ലായെന്ന് കെ.എസ്.ഇ.ബി. ലിമിറ്റഡ് റിപ്പോർട്ട് ചെയ്യതിന്റെയടിസ്ഥാനത്തിൽ ശ്രീ. ഹുസൈൻ പി. പി. - യുടെ നിവേദനത്തിലെ ആവശ്യം നിരസിച്ചുകൊണ്ട് സർക്കാരിൽ നിന്നും മറുപടി നൽകിയിരുന്നു(പകർപ്പ് അനുബന്ധമായി ചേർക്കുന്നു).

സെക്ഷൻ ഓഫീസർ

File No.PWR-A2/197/2019-POWER

അനുബന്ധം

കേരള സർക്കാർ

ഊർജ്ജ (എ) വകുപ്പ്

നമ്പർ. PWR-A2/197/2019-POWER 11/10/2019,തിരുവനന്തപുരം

സെക്രട്ടറി

ശ്രീമതി ഫാത്തിമ്മ W/O ശ്രീ. ഹുസൈൻ,
പുത്തൻപീടിയക്കൽ ഹൗസ്,
പാഴൂർ പി.ഒ., കുറ്റിപ്പുറം(വഴി), മലപ്പുറം - 679 571.

മാഡം,

വിഷയം:- ഊർജ്ജ വകുപ്പ് - അപകടത്തിൽ പരിക്കേറ്റ കയറ്റിറക്ക് തൊഴിലാളിയായ ശ്രീ. ഹുസൈന്റെ അപേക്ഷ - മറുപടി നൽകുന്നത് - സംബന്ധിച്ച്.

സൂചന:- 1. ശ്രീ. ഹുസൈൻ സമർപ്പിച്ച 11/09/2017 തീയതിയായുള്ള അപേക്ഷ.
2. കെ.എസ്.ഇ.ബി. ലിമിറ്റഡ് സെക്രട്ടറിയുടെ 21/06/2019 - ലെ പി.എസ്. 8/B/RPO/KKD/360 നമ്പർ കത്ത്.
3. താങ്കളുടെ 30/07/2019 തീയതിയായുള്ള അപേക്ഷ.

സൂചനയിലേക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. ലോറിയിൽ കയറ്റിറക്ക് ജോലി ചെയ്തിരുന്ന ചുമട്ടു തൊഴിലാളിയായിരുന്ന ശ്രീ. ഹുസൈൻ 20/02/1972-ൽ കണ്ണൂർ ജില്ലയിൽ സബ് സ്റ്റേഷൻ പണിയുന്നതിന് കരാർ കൊടുത്തിരുന്ന കരാറുകാരന്റെ ലോറിയിൽ കോൺക്രീറ്റ് മിക്സർ കൊണ്ടു പോകുമ്പോഴാണ് അപകടത്തിൽപ്പെട്ടതെന്നും. ശ്രീ. ഹുസൈന് നഷ്ടപരിഹാരം ലഭിയ്ക്കുന്നതിനായി ബഹു. കോഴിക്കോട് വർക്ക് മെൻസ് കോമ്പൻസേഷൻ ഡെപ്യൂട്ടി ലേബർ കമ്മിഷണറുടെ കോടതിയിൽ സമർപ്പിച്ച WCC 43/1985 എന്ന കേസിലും ബഹു.തലശ്ശേരി ചീഫ് ജുഡീഷ്യൽ മജിസ്ട്രേട്ട് കോടതിയ്ക്കു മുമ്പാകെ നല്കിയ നമ്പർ 523/1972 എന്ന കേസിലും പുറപ്പെടുവിച്ച വിധിന്യായം അനുസരിച്ചും കെ.എസ്.ഇ.ബി. ലിമിറ്റഡിന് നിയമപ്രകാരം നഷ്ടപരിഹാരം/സാമ്പത്തിക സഹായം നൽകാൻ ബാധ്യത ഇല്ലായെന്ന് റിപ്പോർട്ട് ചെയ്തിരിക്കുന്നു. പ്രസ്തുത സാഹചര്യത്തിൽ താങ്കളുടെ അപേക്ഷയിലെ ആവശ്യം പരിഗണിക്കാൻ നിർവ്വാഹമില്ല എന്ന് ഖേദപൂർവ്വം അറിയിക്കുന്നു.

വിശ്വസ്തതയോടെ,
സൈജെൻ ജെ ആലപ്പാട്
അണ്ടർ സെക്രട്ടറി
സെക്രട്ടറിയ്ക്കുവേണ്ടി

Signature valid
Digitally signed by SHAMEEM MUHAMMED B M
Date: 2019.10.14 16:?:?6 IST
Reason: Approved

സെക്ഷൻ ഓഫീസർ